# 'നീര ഏറെ വൈകാതെ വിപണിയിലെത്തും'



നീര പൈലറ്റ് പ്ലാന്റ് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് കമ്മിഷൻ ചെയ്യുന്നു. സുഗത ഘോഷ്, കെ. മുരളീധരൻ, ടി.ഐ. മാത്യുക്കുട്ടി, ശ്രീകുമാർ പൊതുവാൾ, ഷാജഹാൻ കാഞ്ഞിരവിളയിൽ എന്നിവർ സമീപം.

കൊച്ചി ● പ്രതിദിനം 10,000 ലീറ്റർ സംസ്കരണ ശേഷിയുള്ള 12 കമ്പനികളിൽനിന്ന് 10 ലക്ഷം കുപ്പി നീര ഏറെ വൈകാതെ വിപണിയിലെത്തുമെന്നു നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്. നാളികേര വികസന ബോർഡിന്റെ ആലുവ വാഴക്കുളത്തെ സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി(സിഐടി)യിൽ സ്ഥാപിച്ച നീര പൈലറ്റ് പ്ലാന്റ് കമ്മിഷൻ ചെയ്യുകയായിരുന്നു അദ്ദേഹം. 200 മി.ലീ. നീര ഉപഭോക്താവിന് 25 രൂപ നിരക്കിൽ നൽകാനാകും. ഒരു ലീറ്റർ നീരയിൽ നിന്നു കേരകർഷകന് 50 രൂപ ലഭ്യമാക്കുകയാണു ബോർഡിന്റെ ലക്ഷ്യം. ഡൽഹി, മുംബൈ, ബാംഗ്ലൂർ, ചെന്നൈ എന്നിവിടങ്ങളിലും വിപണി കണ്ടെത്തും. ഒരു ലീറ്റർ നീര 20 ഡോളർ നിരക്കിന് കൊച്ചി വിമാനത്താവളത്തിലെ ഡ്യൂട്ടി ഫ്രീ ഷോപ്പിലും ലഭ്യമാക്കും. നീരയുടെ മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിനുള്ള ആറു ദിവസത്തെ പരിശീലന പരിപാടി ഈ മാസമാദ്യം തുടങ്ങും.

അഞ്ഞൂറ് ലീറ്റർ ശേഷിയുള്ള പൈലറ്റ് പ്ലാന്റാണു കമ്മിഷൻ ചെയ്തത്. രണ്ടു ഷിഫ്റ്റുകളിലായാണു പ്ലാന്റിന്റെ പ്രവർത്തനം. ഈ പ്ലാന്റിൽ സംസ്കരിക്കുന്ന നീരയുടെ 60 ശതമാനം നീരയായും 40% മൂല്യവർധിത ഉൽപന്നങ്ങളായുമാണു പുറത്തിറക്കുന്നത്. കേരോൽപാദക സംഘങ്ങൾക്കും കമ്പനികൾക്കും നീരയുടെ സംസ്കരണം സംബന്ധിച്ച സാങ്കേതിക വിദ്യകൾ പ്ലാന്റിൽ വിശദീകരിക്കും.

മുഖ്യ നാളികേര വികസന ഉദ്യോഗസ്ഥൻ സുഗതഘോഷ്, ബോർഡ് ഡയറക്ടർമാരായ കെ. മുരളീധരൻ, ടി.ഐ. മാത്യുക്കുട്ടി, പ്രോസസിങ് എൻജിനിയർ ശ്രീകുമാർ പൊതുവാൾ എന്നിവർ പ്രസംഗിച്ചു.